LIBRARY ARCHIVES Kerala Legislative Assembly

(ഡി) ബ്രഹ്മോസിന്റെ വികസനത്തിനായി സാദ്ധ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. ബ്രഹ്മോസിന്റെ വികസനപദ്ധതികൾക്ക് ആവശ്യമായ ഐ.എ.എഫ്.-ന്റെ ഉടമസ്ഥതയിലുള്ള കെ.ഇ.ഡബ്ല്യു. കോംപ്ലക്സിലെ 7.15 ഏക്കർ ഭൂമി വിട്ടുകൊടുക്കുന്നതിന് പകരമായി 20 ഏക്കർ സ്ഥലം തിരുവനന്തപുരത്ത് മുട്ടത്തറയിൽ സംസ്ഥാന സർക്കാർ കണ്ടെത്തുകയും, പ്രസ്തുത ഭൂമി ഐ.എ.എഫ്.-ന് 2014-ൽ കൈമാറ്റം ചെയ്യുകയുമുണ്ടായി. പ്രസ്തുതഭൂമിയിലെ അടിസ്ഥാനസൗകര്യ വികസനത്തിനായി വിവിധ സർക്കാർ വകുപ്പുകൾ/ഏജൻസികളായ പബ്ലിക് വർക്ക്സ് ഡിപ്പാർട്ട്മെന്റ്, കേരള വാട്ടർ അതോറിറ്റി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, റവന്യൂ വകുപ്പ്, നഗരസഭ തുടങ്ങിയവയെ ചുമതലപ്പെടുത്തുകയും ഇവരുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി വിവിധ തലങ്ങളിൽ അവലോകന യോഗങ്ങൾ കൂടുകയുമുണ്ടായി. 22-4-2014-ന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന അവലോകനയോഗത്തിൽ വിവിധ വകുപ്പുകളുടെ പ്രവർത്തനം വിലയിരുത്തുകയും ആയത് വകുപ്പുകളുടെ ചുമതലകൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

## ലിക്വിഡേഷൻ ഭീഷണി നേരിടുന്ന സഹകരണ സംഘങ്ങൾ

18 (*618) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ നഷ്ടത്തിലേക്ക് പോകുന്നതിന്റെ കാരണങ്ങളെക്കുറിച്ച് വിശകലനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) സംസ്ഥാനത്ത് എത്ര സംഘങ്ങൾ ലിക്വിഡേഷൻ ഭീഷണി നേരിടുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) നഷ്ടത്തിൽനിന്നും ഇവയെ കരകയറ്റുന്നതിനും സഹകാരികൾക്ക് ആശ്രയിക്കാവുന്ന സ്ഥാപനങ്ങളാക്കി മാറ്റുന്നതിനും എന്തൊക്കെ ചെയ്യാനാവുമെന്ന കാര്യം പരിശോധിക്കുമോ ?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) :

(എ) ഉണ്ട്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽനിന്നും നൽകുന്ന വായ്പകൾ യഥാസമയം തിരിച്ചടയ്ക്കുന്നതിൽ വീഴ്ച വരുന്നതിനാലും കുടിശ്ശിക കൂടുന്നതിനാലും മാനേജ്മെന്റിന്റെ കാര്യക്ഷമതാക്കുറവും ശമ്പളയിനത്തിലും ഭരണച്ചെലവുകളിലുമുള്ള വർദ്ധനവും പ്രാഥമിക സഹകരണ സംഘങ്ങൾ നഷ്ടത്തിലേക്ക് പോകുന്നതിന്